# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം (ബി.പി)1096/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/10/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം

നമ്പർ: കെ.എസ്.എ-ഇ.കെ.എം (ബി.പി)1096/2025 തീയ്യതി: 16/10/2025

## എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിനി എം വി | ജോയിന്റ്ഡയറക്ടർ | 10-09-2025 | 18-09-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-09-2025 | 18-09-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി. ടെസ്സി എം, ഓഡിറ്റ് ഓഫീസർ
2. ശ്രീമതി. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി അനുരൂപ ടി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജിത്കുമാർ എ റ്റി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി അംബിക മുരളീധരൻ (ചാർജ്) | പ്രസിഡന്റ് | 01-02-2025 | 14-02-2025 |
| ശ്രീ സലിം എൻ എം | പ്രസിഡന്റ് | 15-02-2025 | 31-03-2025 |
| ശ്രീ സജി പീറ്റർ, ജോയിന്റ് ബി ഡി ഒ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 25-09-2024 |
| ശ്രീമതി രതി എം ജി | സെക്രട്ടറി | 26-09-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നൗഫൽ അലി കെ എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീമതി അനു ബേബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ.വികൂർ ജോസഫ് കൊറയ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2024 | 01-08-2024 |
| ഡോ.വിവേക് ജെസ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 02-08-2024 | 31-03-2025 |
| ശ്രീമതി സുഹറ സി എച്ച് | സി ഡി പി ഒ | 01-04-2024 | 31-03-2025 |
| ശ്രീ അഖിലേഷ് സി കെ | എസ് സി ഡി ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി സിബി വി | കൃഷി അസിസ്റ്റന്റ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ജി | ഡയറക്ടർ | | |
| ശ്രീമതി റഫീന ബീവി എം എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-05-2024 |
| ശ്രീമതി സുപ്രിയാദേവി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2024 | 06-06-2024 |
| ശ്രീമതി ഉമ്മു ഹബീബ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-06-2024 | 31-03-2025 |
| ശ്രീ ജിബിൻ ജോയ് | വ്യവസായ വികസന ഓഫീസർ | 01-04-2024 | 15-08-2024 |
| ശ്രീ തേജോ കെ കൈമൾ | വ്യവസായ വികസന ഓഫീസർ | 16-08-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ധനകാര്യകമ്മീഷൻ അവാർഡ് ചെലവ് തുകയിലെ വ്യത്യാസം | 1-1-3 |
| 5 | നിക്ഷേപപ്രവൃത്തി - വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. | 1-1-4 |
| 6 | സംയുക്ത പ്രോജക്ട് - വരവിൽക്കൂടുതൽ തുക ചെലവ് | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സെസ്സ് തുക അധികം അടച്ചത് - ₹5624/- | 1-10 |
| 16 | ജി.എസ്.ടി അടവാക്കിയില്ല | 1-11 |
| 17 | സി.എച്ച്.സി. വേങ്ങൂരിലേക്ക് മരുന്ന്,ലാബ് സാധനങ്ങൾ വാങ്ങൽ പദ്ധതി-1,42,044/-രൂപയുടെ ബില്ലുകളും അനുബന്ധ വൌച്ചറുകളും ഹാജരാക്കിയില്ല | 1-12 |
| 18 | ദ്വിതീയ സാന്ത്വന പരിചരണ പദ്ധതി- 9,64,112/- രൂപയുടെ ബില്ലുകളും അനുബന്ധ വൌച്ചറുകളും ഹാജരാക്കിയില്ല | 1-13 |
| 19 | സ്റ്റീൽ വർക്കിന് തെറ്റായ ഡാറ്റ ഉപയോഗിച്ച് പ്രവൃത്തി നടത്തിയത് - അധികം ചെലവ് - ₹9350.00 | 1-14 |
| 20 | ഫ്ലോറി വില്ലേജ് പ്രൊജക്ട്-മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല. | 1-15 |
| 21 | സി എച്ച് സി കെട്ടിട നിർമ്മാണം പൂർത്തീകരണം- അപാകതകൾ | 1-16 |
| 22 | കുടിവെള്ള പ്രൊജക്ടുകൾ ഉദ്ദേശ്യലക്ഷ്യം | 1-17 |

| | | |
|---|---|---|
| | കൈവരിക്കുന്നില്ല. | |
| 23 | ഇ-ടെണ്ടർ ഫീസ് യഥാസമയം തനതുഫണ്ടിലേക്ക് കൈമാറുന്നില്ല. | 1-18 |
| 24 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹43,89,800.00 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 25 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്റ്റീൽ വർക്കിന് തെറ്റായ ഡേറ്റ ഉപയോഗിച്ച് പ്രവൃത്തി നടത്തിയത് - ₹9350.00 അധിക ചെലവ്. | 3-1 |
| 2 | സി.എച്ച്.സി കെട്ടിട നിർമ്മാണം - സ്റ്റീൽ വർക്കിന് ₹7160.00 അധികം നൽകിയത്. | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.2025 ലെ 4/1 -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി : 16-10-2025

ജോയിന്റ് ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2823769.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹965177.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ധനകാര്യകമ്മീഷൻ അവാർഡ് ചെലവ് തുകയിലെ വ്യത്യാസം

1. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യകമ്മീഷൻ അവാർഡ് ചെലവ് തുക ₹12914555.00 യാണ്. എന്നാൽ സ്ഥാപനം രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ പ്രകാരം ആകെ ചെലവ് ₹14003433.00 യാണ്. ആകെ ₹1088878.00 യുടെ വ്യത്യാസം കാണുന്നു. ഇതിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹1000000.00 കിഴിച്ചാൽ ബാക്കി ₹88878.00 യുടെ വ്യത്യാസം നില നിൽക്കുന്നു.
2. വാർഷിക ധനകാര്യപത്രികയിലെ ആകെ ചെലവ് (ടൈഡ് + അൺടൈഡ്) ₹12885630.00 യാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യകമ്മീഷൻ അവാർഡ് ചെലവ് തുക ₹12914555.00 യാണ്. ആകെ 28925 രൂപയുടെ വ്യത്യാസം കാണുന്നു.

## 1-1-4 നിക്ഷേപപ്രവൃത്തി - വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

നിക്ഷേപപ്രവൃത്തികൾക്കായി നൽകിയിട്ടുള്ള തുകകളുടെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

## 1-1-5 സംയുക്ത പ്രോജക്ട് - വരവിൽക്കൂടുതൽ തുക ചെലവ്

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം Rp 7 പ്രകാരം ₹8,06,000.00 യും Rp 31 പ്രകാരം ₹11,10,010.00 യുമാണ്. എന്നാൽ I-6 പ്രകാരം ചെലവ് കാണിച്ചിരിക്കുന്നത് 160300101 ഹെഡിൽ ₹8,06,000.00 യും 160300201 ഹെഡിൽ ₹24,04,203.00 യുമാണ്.

## 1-2 ബജറ്റ്

07.02.2024 തിയതിയിലെ ഭരണ സമിതി തീരുമാനം 1(1) പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 26.02.2025 ലെ 1(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | ₹80,64,077.00 |
| വരവ് | ₹11,53,14,980.00 |
| ആകെ | ₹12,33,79,057.00 |
| ചെലവ് | ₹11,61,63,101.00 |
| നീക്കിയിരുപ്പ് | ₹72,15,956.00 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹6537025.00 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹93123952.00 |
| ആകെ | ₹99660977.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹90300183.00 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹9360794.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട് മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരുപ്പ് (₹) | ചെലവഴി ക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28749000 | 28749000 | 28749000 | 0 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12183000 | 12183000 | 12183000 | 0 | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 484000 | 484000 | 484000 | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3692000 | 3692000 | 3692000 | | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 0 | 0 | | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 1419359 | 4844483+ 248789 ( Interest) | 6512631 | 4424392 * | 2088239 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 0 | | 0 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 335409 | 10697500 | 11032909 | 8461238 | 2571671 | 0 |
| NRHM 320100120 | 589633 | 2912354 | 3501987 | 506536 | 2995451 | 0 |
| ഐ എ വൈ 320100110 | 38204 | 4429 | 42633 | 56 | 42577 | 0 |
| ടോട്ടൽ സാനിട്ടേഷൻ 320100115 | 1371892 | 35172 | 1407064 | 1300525 | 106539 | 0 |
| CSR Fund 320500101 | 400000 | 0 | 400000 | 0 | 400000 | 0 |
| PYCKA 320100126 | 9000 | 0 | 9000 | 0 | 9000 | 0 |
| 320300199 ഐ എ വൈ- ലോൺ | 10700 | 0 | 10700 | 0 | 10700 | 0 |
| കില | 898240 | 37561 | 935801 | 11 | 935790 | 0 |

| 320100199 | | | | | | | |
|---|---|---|---|---|---|---|---|

വാർഷിക ധനകാര്യപത്രികയിലെ ചെലവുമായി ₹28925.00 യുടെ വ്യത്യാസമുള്ളത് വാർഷിക ധനകാര്യപത്രികയിലെ അപാകതയായി പറഞ്ഞിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 105675598 | 120 | 69264996 | 47 | 15 | 66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2025 തീയതിയിൽ 2.55 PM-ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പ്രസ്തുത ദിവസം ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി താഴെ ചേർക്കുന്ന വിഷയങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1) കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ശരിയായി മോണിട്ടർ ചെയ്യേണ്ടതും തൻവർഷം തന്നെ പൂർത്തീകരിക്കുന്ന വിധത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുമാണ്.

2) 1997-98 വർഷങ്ങളിലേത് മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ദീർഘകാലമായി തീർപ്പാക്കാതെ തുടരുന്നത് അഭിലഷണീയമല്ല. അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3) നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിട്ടിക്ക് കൈമാറിയ ₹11,80,921.00 ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്. പ്രൊജക്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് ശരിയായ മോണിട്ടറിംഗ് നടത്തേണ്ടതും കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വാർഷിക കണക്കുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

4) പി.എം.എ.വൈ പദ്ധതി പ്രകാരം നടപ്പാക്കിയ പ്രോജക്ടുകളുടെ പ്രോജക്ട് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാണോ എന്നത് സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സെസ്സ് തുക അധികം അടച്ചത് - ₹5624/-

കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് പാസ്ബുക്കുകൾ പ്രകാരമുള്ള അടവുകളും പിൻവലിക്കലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു.

കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ നിന്നും (ICICI ബാങ്ക്,

പെരുമ്പാവൂർ, A/C No. 074401000699) Project No. 125 – Construction Of Toilet Complex In Akanad Higher Secondary School എന്ന വർക്കിന്റെ Kerala Building And Other Construction Workers Welfare Cess ഇനത്തിൽ ₹2812.00 യും, ജി.എസ്.ടി ഇനത്തിൽ ₹5624.00 യും അടക്കം ആകെ ₹8346.00 യുടെ ചെക്ക് 21.11.2024 തീയതിയിൽ സെക്രട്ടറി ബാങ്കിലേക്ക് ഇഷ്യൂ ചെയ്തിരുന്നു (ചെക്ക് നം. 001097). എന്നാൽ മുഴുവൻ തുകയും (₹8346.00) 25.11.24 – ൽ തെറ്റായി Kerala Building And Other Construction Workers Welfare Cess ഇനത്തിൽ ബാങ്കിൽനിന്ന് അടവാക്കി. 25.11.2024 ൽ തന്നെ വീണ്ടും ജി.എസ്.ടി വിഹിതമായ ₹5624.00 ബാങ്കിൽ നിന്ന് പിൻവലിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ Kerala Building And Other Construction Workers Welfare Board ലേക്ക് അധികമായി അടവാക്കിയ ₹5624.00 നാളിതു വരെ തിരികെ ലഭ്യമായിട്ടില്ല. പ്രസ്തുത കാര്യത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1/12.09.2025) നൽകിയ മറുപടിയിൽ, തെറ്റ് തിരുത്തുന്നതിനായി ICICI ബാങ്കിലേക്കും(03.02.2025 ലെ HA/2024 നം. കത്ത്), തുക തിരികെ ലഭിക്കുന്നതിനായി Kerala Building And Other Construction Workers Welfare Board ലേക്കും(21.02.2025 ലെ HA/2024 നം. കത്ത്) കത്തുകൾ നൽകിയെങ്കിലും ടി പ്രശ്നം പരിഹരിച്ച് ലഭിച്ചില്ലെന്നും ആയതിനാൽ അധികമായി നൽകിയ തുക 5624/- രൂപ ബാലൻസ് ഷീറ്റിൽ B-18 ൽ 460100199-Other Advances എന്ന ഹെഡിലേക്ക് ഉൾപ്പെടുത്തി വെച്ചിട്ടുണ്ടെന്നും, Kerala Building And Other Construction Workers Welfare Board ലേക്ക് അടവാക്കുന്ന അടുത്ത ബില്ലിൽ നിന്നും 5624/- രൂപ കുറച്ച് അടവാക്കി 460100199-Other Advances ൽ നിന്നും Payment ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ നടപടി സ്വീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11 ജി.എസ്.ടി അടവാക്കിയില്ല

കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ വിവിധ ഇനങ്ങളിലായി 10.01.2024 മുതൽ 31.03.2025 വരെ ലഭിച്ച ജി.എസ്.ടി തുക ₹13,482.00 നാളിതു വരെ അടവാക്കിയിട്ടില്ല. പ്രസ്തുത തുക പഞ്ചായത്തിന്റെ ജനറൽ പർപ്പസ് അക്കൌണ്ടായ LGTSB799013000001211 ൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയതിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | ഇനം | തീയതി | വരവ് | ജി.എസ്.ടി, റേറ്റ് | ജി.എസ്.ടി, തുക |
|---|---|---|---|---|---|
| 1 | Canteen Rent | 01/2025 മുതൽ 03/2025 വരെ | 13100 | 18% | 2,358 |
| 2 | Timber Auction | 14.01.2025 | 59,300 | 18% | 10,674 |
| 3 | Auction Of Usufructs | 05.08.2024 | 2500 | 18% | 450 |
| ആകെ | | | | | 13,482 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് നം. 3/15.09.2025) നൽകിയ മറുപടിയിൽ പ്രസ്തുത ജി.എസ്.ടി തുക ചലാൻ മുഖാന്തിരം വകുപ്പിലേക്ക് അടച്ച് രേഖ ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ജി.എസ്.ടി വൈകി അടവാക്കുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. പ്രസ്തുത ജി.എസ്.ടി തുക ചലാൻ മുഖാന്തിരം അടച്ച് രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-12 സി.എച്ച്.സി. വേങ്ങൂരിലേക്ക് മരുന്ന്,ലാബ് സാധനങ്ങൾ വാങ്ങൽ പദ്ധതി-1,42,044/- രൂപയുടെ ബില്ലുകളും അനുബന്ധ വൌച്ചറുകളും ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് നം. 45/25- സി.എച്ച്.സി വേങ്ങൂരിലേക്ക് മരുന്ന്-ലാബ് സാധനങ്ങൾ വാങ്ങൽ പദ്ധതിയിൽ ₹5,00,000.00 അടങ്കലും

₹13,14,157.00 ചെലവും ആണ് സുലേഖ ചെലവ് പത്രിക പ്രകാരം കാണിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിനായി ഹാജരാക്കിയ ഫയലിൽ ആകെ ₹11,72,113.00 യുടെ ട്രഷറി ബില്ലുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ബില്ലുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ട്രഷറി ബിൽ തീയതി | ബിൽ റഫറൻസ് നം. | തുക |
|---|---|---|
| 30.10.2024 | 0 | 1,55,145 |
| 24.08.2024 | 24120763092001605023 | 1,81,689 |
| 24.08.2024 | 24120763092000581196 | 8,35,279 |
| ആകെ | | 11,72,113 |

ബാക്കി ₹142044.00 യുടെ ബില്ലുകളും അനുബന്ധ വൗച്ചറുകളും പരിശോധനക്കായി ലഭ്യമാക്കിയില്ല. ലഭ്യമായിട്ടുള്ളതിൽ തന്നെ ₹1,55,145.00 യുടെ ട്രഷറി ബില്ലിലെ പ്രോജക്ടിന്റെ നമ്പർ 159/25 എന്നാണ്. ബില്ലിലും, ബന്ധപ്പെട്ട അനുമതി ഉത്തരവിലും രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് നമ്പർ ചേർത്തത് മാറിപ്പോയതാണോ യഥാർത്ഥത്തിൽ വേറെ പ്രോജക്ടിന്റേതാണോ ബില്ലുകൾ എന്ന കാര്യത്തിൽ വ്യക്തതയില്ല. ഇക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 08/17.09.2025) മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത ബില്ലുകളുടെ ആകെ തുകയായ ₹142044.00 യുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-13 ദ്വിതീയ സാന്ത്വന പരിചരണ പദ്ധതി- 9,64,112/-രൂപയുടെ ബില്ലുകളും അനുബന്ധ വൌച്ചറുകളും ഹാജരാക്കിയില്ല

പ്രോജക്ട് നം.32/25- ദ്വിതീയ സാന്ത്വന പരിചരണ പദ്ധതിയിൽ, ₹17,38,510.00 അടങ്കലും ₹16,72,355.00 ചെലവും ആണ് സുലേഖ ചെലവ് പത്രിക പ്രകാരം കാണിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിനായി ഹാജരാക്കിയ ഫയലിൽ ആകെ ₹7,08,243.00 യുടെ ട്രഷറി ബില്ലുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ബില്ലുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ട്രഷറി ബിൽ തീയതി | ബിൽ റഫറൻസ് നം. | തുക |
|---|---|---|
| 12.03.2025 | 24120763092001504667 | 1,41,189 |
| 20.07.2024 | 24120763092000433649 | 59,350 |
| 24.08.2024 | 24120763092000578041 | 19,254 |
| 20.03.2025 | 24120763092001602913 | 19,992 |
| 18.03.2025 | 24120763092001570507 | 4,68,458 |
| ആകെ | | 7,08,243 |

മേൽ പദ്ധതിക്കായി ചെലവാക്കിയ ബാക്കി തുകയായ ₹9,64,112.00 യുടെ (16,72,355-7,08,243) ട്രഷറി ബല്ലുകളും അനുബന്ധ വൌച്ചറുകളും ഓഡിറ്റിനായി ഹാജരാക്കിയില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 11/18.09.2025) മറുപടി ലഭ്യമാക്കിയില്ല. ചെലവുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ₹964112.00 യുടെ ചെലവു തടസ്സത്തിൽ വയ്ക്കുന്നു.

## 1-14 സ്റ്റീൽ വർക്കിന് തെറ്റായ ഡാറ്റ ഉപയോഗിച്ച് പ്രവൃത്തി നടത്തിയത് - അധികം ചെലവ് - ₹9350.00

ബ്ലോക്ക് പഞ്ചായത്തിലെ വനിതാ കാന്റീൻ കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മെയിന്റനൻസ് പ്രവൃത്തികളാണ് ഈ പ്രൊജക്ടിൽ ചെയ്തിട്ടുള്ളത്. ഇതിന്റെ എസ്റ്റിമേറ്റിൽ ക്രമ നം.1.008 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് 10.25.2 Steel Work Welded In Built Up Sections/Framed Work, Including Cutting, Hoisting……………………Gates And Other Similar Works 177.690kg@154.18=27396.24 എന്ന ഇനം ആണ്.

ഇതിനായി കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ളത് 177.690kg@169=30029.61 ആണ് (9.6% Above). ബിൽ പ്രകാരം 161.172kg@169=27238.07/- നൽകിയിട്ടുണ്ട്. 15.09.2025 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ സൈറ്റിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷനിംഗ് രീതിയിലുള്ള സ്റ്റീൽ വർക്കാണെന്ന് ബോധ്യപ്പെട്ടു.
ആയതിനാൽ 9350.00 രൂപ അധികം നൽകിയത് കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

1-15 ഫ്ലോറി വില്ലേജ് പ്രൊജക്റ്റ്-മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | എസ് 197/25, ഫ്ലോറി വില്ലേജ് |
| അടങ്കൽ | ₹140100.00<br>(വികസന ഫണ്ട്-സാധാരണ വിഹിതം₹105000/-,<br>ഗുണഭോക്തൃ വിഹിതം ₹35070/-) |
| ചെലവ് | ₹140070.00<br>(വികസന ഫണ്ട്-സാധാരണ വിഹിതം<br>₹105000/-, ഗുണഭോക്തൃ വിഹിതം ₹35070/-) |
| ബിൽ നം./തീയതി, തുക | 1)167/16.12.2024, ₹105000/-<br>2) 0002597141 / 21.01.2025, ₹35070/- |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

കൃഷി ഭവനകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ കർഷക ഗ്രൂപ്പുകൾക്ക് (Flori Clubs Registered In Krishibhavans) 75% സബ്സിഡി നിരക്കിൽ വെട്ടുപൂക്കൾ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ ലഭ്യമാക്കുക എന്നതാണ് ഈ പ്രൊജക്ടിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു യൂണിറ്റിൽ 41 തൈകൾ അടങ്ങുന്ന 21 യൂണിറ്റ് തൈകൾ ബ്ലോക്കിലെ കൃഷിഭവനകളിൽ വിതരണം ചെയ്യുന്നതിന് പെരുമ്പാവൂർ ഫാർമർ പ്രൊഡ്യൂസർ കമ്പനിക്ക് സപ്ലൈ ഓർഡർ നൽകുകയും തൈ വിതരണം നടത്തിയതിന്റെ ബില്ല് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് തുക കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്.
സ.ഉ(കൈ) നം.115/2022 തസ്വഭവ 28.05.2022 ഉത്തരവിലെ ഖണ്ഡിക നം.6.1-ലെ ക്രമ നമ്പർ 30-ൽ വെട്ടുപൂക്കൾ കൃഷി ചെയ്യുന്നതിനുള്ള സബ്സിഡി മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തിഗത പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ് ഏറ്റെടുക്കാവുന്നത്. ഗ്രൂപ്പ് അധിഷ്ഠിത പ്രൊജക്ടുകളാണ് എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നത്. 1000 ചുവടിന് 40000/- രൂപ (ഏറ്റവും കുറഞ്ഞത് 100 ചുവട്) എന്ന നിരക്കിൽ പകുതി ആദ്യവും ബാക്കി വിളവെടുപ്പിന് മുൻപും എന്ന തരത്തിൽ സബ്സിഡി രണ്ട് ഘട്ടമായാണ് അനുവദിക്കേണ്ടത്. പ്രൊജക്റ്റ് നടപ്പാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1) ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ടിയിരുന്നത് ഗ്രൂപ്പ് അധിഷ്ഠിത പ്രൊജക്ടാണ്. എന്നാൽ വ്യക്തികൾക്ക് വീടുകളിൽ കൃഷി ചെയ്യുന്നതിന് തൈകൾ (41 തൈകൾ മാത്രം) വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.
2) കൃഷി ഏറ്റെടുക്കുന്നവർക്ക് 1000 ചുവടിന് പരമാവധി 40000 രൂപ എന്ന നിരക്കിൽ രണ്ട് ഘട്ടമായി സബ്സിഡി അനുവദിക്കേണ്ടതിന് പകരം തൈ വിതരണം ചെയ്ത കമ്പനിക്ക് ഗുണഭോക്തൃ വിഹിതമുൾപ്പെടെയുള്ള തുക കൈമാറി. കുറഞ്ഞത് 100 ചുവടെങ്കിലും കൃഷി ചെയ്യുന്നവർക്കാണ് ഇതിന് ആനുപാതികമായിട്ടുള്ള സബ്സിഡിക്ക് അർഹതയുള്ളത്.
3) നൽകിയ തൈകൾ നട്ടത് നേരിട്ടു പരിശോധന നടത്തിയതിൽ വീടുകളിൽ നട്ടിരിക്കുന്ന തൈകളിൽ ചിലത് നശിച്ച് പോയതായും ബാക്കിയുള്ളവ ഇതുവരെയും പുഷ്പിക്കാത്തതായും കണ്ടു. തൈകളുടെ ഗുണനിലവാരം ഉറപ്പാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനും പെരുമ്പാവൂർ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ നിന്ന് ടെൻഡർ നടപടി കൂടാതെ തൈകൾ വാങ്ങുന്നതിന് സർക്കാർ അനുമതി ഉള്ള പക്ഷം ആയത് ലഭ്യമാക്കുന്നതിനുമായി 17.09.2025-ൽ 6ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ 6.1-ലെ ക്രമ നമ്പർ 5 പ്രകാരം ഫല-പുഷ്പ-കൃഷിക്ക് തൈകൾ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചത് എന്നാണ് മറുപടി നൽകിയത്. എന്നാൽ പ്രൊജക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യമായി ചേർത്തിട്ടുള്ളത് കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ കർഷക ഗ്രൂപ്പുകൾക്ക് (Flori Clubs Registered In Krishibhavans) 75% സബ്സിഡി നിരക്കിൽ വെട്ടുപൂക്കൾ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ ലഭ്യമാക്കുക എന്നതാണ്. തൈകൾ ലഭ്യമാക്കിയിട്ടുള്ളതും വെട്ടുപൂക്കളുടെയാണ്. ആയതിനാൽ പ്രൊജക്റ്റിന് ബാധകമായിട്ടുള്ളത് മാർഗ്ഗരേഖയിലെ 6-1-ലെ ക്രമ നമ്പർ 30 ആണ്. ഗുണമേന്മ ഉറപ്പുവരുത്തിയതിന് ശേഷമാണ് വാങ്ങൽ നടത്തിയതെന്നും പുഷ്പിക്കാൻ ഒരുവർഷം എടുക്കുമെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. എന്നാൽ രണ്ട് ഘട്ടമായാണ് സബ്സിഡി അനുവദിക്കേണ്ടതെന്ന നിബന്ധന പാലിച്ചിട്ടില്ല. മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ച് മാത്രം പ്രൊജക്റ്റുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സി എച്ച് സി കെട്ടിട നിർമ്മാണം പൂർത്തീകരണം-അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള സി എച്ച് സി കെട്ടിട നിർമ്മാണം പൂർത്തീകരണം എന്ന പ്രൊജക്റ്റിൽ സി എച്ച് സി ലാബ് കെട്ടിടത്തിന്റെ സ്റ്റെയർ റൂം, ഒന്നാം നില എന്നിവയുടെ നിർമ്മാണ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്.

എസ്റ്റിമേറ്റിലെ ഇനം1.018 ആയി ചെയ്തിട്ടുള്ളത് 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc) Trusses Etc… 66.600kg@168.82/Kg ആണ്. 15.09.2025 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ സൈറ്റിൽ ചെയ്തിട്ടുള്ളത് സിഗിംൾ സെക്ഷനിംഗ് രീതിയിലുള്ള സ്റ്റീൽ വർക്കാണെന്ന് ബോധ്യപ്പെട്ടു.

ആയതിനാൽ സിംഗിൾ സെക്ഷനിംഗ് പ്രവൃത്തിക്ക് ബാധകമായ നിരക്കിൽ തുക അനുവദിക്കേണ്ടതും അധികം അനുവദിച്ച തുക ₹7160.00 ജി.എസ്.ടി ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതുമാണ്. വിശദ വിവരം 3-2 ൽ ചേർത്തിട്ടുണ്ട്

## 1-17 കുടിവെള്ള പ്രൊജക്റ്റുകൾ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് വിവിധ വർഷങ്ങളിലായി ഏറ്റെടുത്ത പല കുടിവെള്ള പ്രൊജക്റ്റുകളും സ്പിൽ ഓവറായി തുടരുകയും ഉദ്ദേശ്യലക്ഷ്യം കൈവരിക്കാതെ നിലനിൽക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ 17.09.2025-ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി കൂടി ഉൾപ്പെടുത്തിയാണ് പരാമർശം ചേർത്തിട്ടുള്ളത്. തുക ചെലവഴിച്ചിട്ടും കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ലാത്ത ചില പ്രൊജക്റ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക (വർഷം) | നിലവിലെ അവസ്ഥ |
|---|---|---|
| 1) എസ് ഒ 145/25, കൈപ്പിള്ളി എസ്. സി കോളനി കുടിവെള്ള പദ്ധതി<br>2) കൈപ്പിള്ളി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 838860/-(2022-23)<br>38860/-(2023-24)<br>270475/-(2024-25)<br>195655/-(2024-25)<br>ആകെ 1343850/- | നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. |
| 1)എസ് ഒ 146/25, വേങ്ങൂർ പഞ്ചായത്ത് വാർഡ് 7-ൽ അങ്കണവാടി എളമ്പിള്ളിച്ചാൽ കനാൽപാലം ലിങ്ക് റോഡിന് സമീപം കുടിവെള്ള പദ്ധതി | 1676505/- (2024-25)<br>519000/- വകയിരുത്തിയെങ്കിലും ചെലവഴിച്ചില്ല. | നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| 2) എസ് 62/25, =വേങ്ങൂർ പഞ്ചായത്ത് 7-ാം വാർഡിൽ അങ്കണവാടി കനാൽപാലം ലിങ്ക് റോഡിന് സമീപം കുടിവെള്ള പദ്ധതി പൂർത്തീകരണം | | |
| എസ് ഒ 128/25 കുരിയേലി ഡിവിഷൻ 5-ാം വാർഡിൽ കല്ലിട്ടുമ്പി പീടികയ്ക്ക് സമീപം കുടിവെള്ള പദ്ധതി പൂർത്തീകരണം | 519188/-(2022-23)<br>29696/-(2023-24)<br>406586/-(2024-25)<br>ആകെ 955470/- | നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. |

2018-19 വർഷം എം.പി എൽ എ ഡി എസ് ഫണ്ട് ഉപയോഗിച്ച് അശമന്നൂർ ഗ്രാമപഞ്ചായത്തിൽ ഏക്കുന്നം എസ് സി കോളനിയിൽ ഒരു കുടിവെള്ള പദ്ധതി ആരംഭിക്കുകയും 4.9 ലക്ഷം രൂപ ചെലവഴിച്ച് ടാങ്ക് നിർമ്മിക്കുകയും ചെയ്തിരുന്നു. എന്നാൽ കുടിവെള്ള സ്രോതസ്സ് ഇല്ലാതെ ഈ പ്രൊജക്ടും പൂർത്തിയായില്ല. പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കുന്ന രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഏറ്റെടുത്ത പ്രൊജക്ടുകൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 ഇ-ടെണ്ടർ ഫീസ് യഥാസമയം തനതുഫണ്ടിലേക്ക് കൈമാറുന്നില്ല.

ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം.38692858720) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2025 ൽ ₹234330.94 നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക യഥാസമയം ബ്ലോക്ക്പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ ഇതിലെ നീക്കിയിരുപ്പ് തുകയ്ക്ക് പലിശ ലഭിക്കുന്നതാണ്. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവുമധികം ടെണ്ടറുകൾ നടക്കുന്നത് സാമ്പത്തിക വർഷാവസാന മാസങ്ങളിലാണ്. ഈ കാലയളവിൽ ലഭിച്ച തുക തനത് ഫണ്ടിലേക്ക് യഥാസമയം നൽകാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടമായ സ്ഥിതിയുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 17.09.2025-ൽ നൽകിയ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 22.09.2025-ന് മുൻപ് തുക കൈമാറുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇ- ടെൻഡർ ഫീസിനത്തിലെ വരവുതുക യഥാസമയം കൈമാറുന്നുവെന്ന് ഉറപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹43,89,800.00 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന പ്രകാരം ലൈഫ് പദ്ധതിക്ക് വേണ്ടി പഞ്ചായത്ത് തുകകൾ വിവിധ പഞ്ചായത്തുകൾക്ക് ₹43,89,800.00 കൈമാറിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് തുക | തുക നൽകിയത് | റിക്വിസിഷൻ നമ്പർ/തീയതി |
|---|---|---|---|---|
| എസ് 0030/25,ജനറൽ | 2925800, പ്ലാൻ ഫണ്ട് ജനറൽ | 420000 | മുടക്കുഴ ഗ്രാ. പ. | 2006910001240010/30.7.24 |
| | | 160000 | ,, | 2006910001240100/19.3.24 |
| | | 360000 | ഒക്കൽ | 2006910001240020/9.8.24 |

| | | | | |
|---|---|---|---|---|
| | | 80000 | ,, | 2006910001240020/9.8.24 |
| | | 40000 | ,, | 2006910001240030/23.10.24 |
| | | 220000 | ,, | 2006910001240060/19.3.24 |
| | | 540000 | വേങ്ങൂർ | 2006910001240010/230.7.24 |
| | | 80000 | അശമന്നൂർ | 2006910001240040/23.10.24 |
| | | 480000 | ,, | 2006910001240080/23.10.24 |
| | | 392280 | രായമംഗലം | 2006910001240040/23.10.24/ |
| | | 53520 | ,, | 2006910001240110/19.3.24 |
| ആകെ | | 2825800 | | |
| എസ് 0052/25, എസ് സി പി | പ്ലാൻ ഫണ്ട്, എസ് സി പി 1824000 | 250000 | വേങ്ങൂർ | 2006910001240020/7.8.24 |
| | | 100000 | ,, | 2006910001240030/16.8.24 |
| | | 100000 | ,, | 2006910001240050/31.12.24 |
| | | 60000 | മുടക്കുഴ ഗ്രാ. പ. | 2006910001240040/12.12.24 |
| | | 160000 | ,, | 2006910001240040/6.1.24 |
| | | 104000 | ,, | 2006910001240060/14.1.24 |
| | | 300000 | രായമംഗലം | 2006910001240020/7.8.24 |
| | | 140000 | അശമന്നൂർ | 2006910001240050/31.12.24 |
| | | 100000 | ,, | 2006910001240060/6.1.24 |
| | | 250000 | ഒക്കൽ | 2006910001240060/31.12.24 |
| ആകെ | | 1564000 | | |

മേൽപ്പറഞ്ഞ തുകകളുടെ വിനിയോഗവിവരം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് 18.9.25 – ൽ 13 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവാക്കിയ ₹43,89,800.00 യുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യ കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ സ്കീം 2 ലാണ് കൂവപ്പടി ബ്ളോക്ക് പഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ബ്ളോക്ക് പഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

### 1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.<br>(I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.<br>(Ii) പി.എച്ച്.സി. | - | - | - | - |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | *0* | *2550000* | *2895000* (Received On 3.3.25) | /- |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | - | - | - |

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.<br>(I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.<br>(Ii) പി.എച്ച്.സി. | - | - | - | - |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | *0* | *821062* | *1222422/-* | *506536* |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | - | - | |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ബ്ളോക്ക് പഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ് (320100120)<br>Union Bank Of India, Perubavoor A/C No.337902010045895 |
|---|---|
| മുന്നിരിപ്പ് | ₹589633.00 |

| | |
|---|---|
| വരവ് (പലിശ 17354 ഉൾപ്പെടെ) | ₹2912354.00 |
| ആകെ | ₹3501987.00 |
| ചെലവ് | ₹506536.00 |
| നീക്കിയിരിപ്പ് | ₹2995451.00 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്റ്റീൽ വർക്കിന് തെറ്റായ ഡേറ്റ ഉപയോഗിച്ച് പ്രവൃത്തി നടത്തിയത് - ₹9350.00 അധിക ചെലവ്.

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ, പേര് | എസ് ഒ 135/25,<br>കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്<br>വനിതാ കാന്റീൻ അടിസ്ഥാന സൌകര്യ വികസനം |
| അടങ്കൽ | ₹277883.00 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹277883.00 |
| ബിൽ നം | 152/11.12.2024 തുക ₹277883/- |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനിയർ |

എഗ്രിമെന്റ് നമ്പർ: 26/AE/LID&EW/2023-24 തീയതി 07.02.2024
കരാറുകാരൻ : ശ്രീ എ.ജെ തോമസ്
ബ്ലോക്ക് പഞ്ചായത്തിലെ വനിതാ കാന്റീൻ കെട്ടിടത്തിന്റെ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മെയിന്റനൻസ് പ്രവൃത്തികളാണ് ഈ പ്രൊജക്റ്റിൽ ചെയ്തിട്ടുള്ളത്. ഇതിന്റെ എസ്റ്റിമേറ്റിൽ ക്രമ നം.1.008 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് 10.25.2 Steel Work Welded In Built Up Sections/Framed Work, Including Cutting, Hoisting……………………Gates And Other Similar Works 177.690kg@154.18=27396.24 എന്ന ഇനം ആണ്.
ഇതിനായി കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ളത് 177.690kg@169=30029.61 ആണ് (9.6% Above).
ബിൽ പ്രകാരം 161.172kg@169=27238.07/- നൽകിയിട്ടുണ്ട്.
പ്രവൃത്തിയുടെ ചിത്രം ചുവടെ ചേർക്കുന്നു.



മേൽ പ്രവൃത്തിക്ക് ഇനം 10.1 Structural Steel Work In Single Section……………… @101.27/ Kg എന്ന ഡാറ്റ പ്രകാരമുള്ള നിരക്കിന് പകരം ബിൽറ്റ് അപ്പ് സെക്ഷനിൽ/ഫ്രെയിം വർക്കിലുള്ള, Gratings, Frames, Gurd Bar, Ladder, Railings, Brackets, Gates എന്നിവയ്ക്ക് ബാധകമായ 10.25.2 പ്രകാരമുള്ള 154.18/Kg നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും പ്രവൃത്തിയുടെ തുക അനുവദിച്ചതും എന്നാൽ 15.09.2025 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ സൈറ്റിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷനിംഗ് രീതിയിലുള്ള സ്റ്റീൽ വർക്കാണെന്ന് ബോധ്യപ്പെട്ടു. ഈ അപാകതയ്ക്ക് കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് 16.09.2025-ൽ നൽകിയ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ 10.25.2 എന്ന ഐറ്റത്തിൽ "Steel Work Welded In Built Up Sections/ Frame Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc As Required In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works എന്നാണ് പരാമർശിച്ചിരിക്കുന്നത് അതിനാൽ Built Up Sections ഉപയോഗിക്കുന്ന ഷീറ്റ് സപ്പോർട്ട് ട്രസ്സിനും ഈ ഐറ്റം ഉപയോഗിക്കാവുന്നതാണ് എന്നാണ് ചേർത്തിട്ടുള്ളത്. 10.25.2 എന്ന ഐറ്റത്തിന്റെ ഡാറ്റാ അനാലിസിസ്-ൽ പറയും പ്രകാരം Structural Members Site-ൽ നൽകിക്കൊണ്ട് ഡാറ്റയിൽ നിഷ്കർഷിക്കും പ്രകാരം ലോഡ് ബെയറിംഗ് പോയിന്റ്-കളിൽ വെൽഡിംഗ് നൽകി എല്ലാ Structural Members നെയും ഒരുമിപ്പിച്ചുകൊണ്ട് ഒരു ബിൽറ്റ് അപ്പ് സെക്ഷനായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഐറ്റം 10.1-ൽ ഉപയോഗിക്കേണ്ട T സെക്ഷൻ, ആംഗിൾ സെക്ഷൻ, ചാനൽ സെക്ഷൻ എന്നിവ പ്രസ്തുത സൈറ്റിൽ ഉപയോഗിച്ചിട്ടില്ലായെന്നും അറിയിച്ചു. ചെയ്തിട്ടുള്ള പ്രവൃത്തി സിംഗിൾ സെക്ഷനിലുള്ളതായതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല.

പ്രവൃത്തിക്ക് ഇനം നമ്പർ 10.1 പ്രകാരം നൽകാവുന്ന തുകയുടെ വിവരം താഴെ കൊടുക്കുന്നു.
നൽകാവുന്ന നിരക്ക് : 9.6% ടെൻഡർ വ്യതിയാനം ചേർക്കുമ്പോൾ = 110.99
നൽകാവുന്ന തുക : 161.72 Kg @ 110.99 = 17888.00
നൽകിയ തുക : 27238.07
അധികം നൽകിയത് : 27238.07 – 17888 = 9350.00

ഉയർന്ന നിരക്കിലുള്ള ഡാറ്റ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കിയതിനാൽ വന്ന നഷ്ട തുക 9350.00 ജി.എസ്.ടി ഉൾപ്പെടെ, കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-2 സി.എച്ച്.സി കെട്ടിട നിർമ്മാണം - സ്റ്റീൽ വർക്കിന് ₹7160.00 അധികം നൽകിയത്.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | എസ് ഒ 116/25,<br>സി.എച്ച്.സി കെട്ടിട നിർമ്മാണം പൂർത്തീകരണം |
| അടങ്കൽ | ₹1092454.00 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | ₹1091905.00 |
| ബിൽ നം | 1)48/19.07.2024 തുക ₹700000.00<br>2)142/05.12.2024 തുക ₹391905.00 |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനിയർ |

എഗ്രിമെന്റ് നമ്പർ: 45/AE/2022-23 തീയതി 07.03.2023
കരാറുകാരൻ : ശ്രീ ഡെൽജോ സെബാസ്റ്റ്യൻ
ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള സി എച്ച് സി കെട്ടിട നിർമ്മാണം പൂർത്തീകരണം എന്ന പ്രൊജക്ടിൽ സി എച്ച് സി ലാബ് കെട്ടിടത്തിന്റെ സ്റ്റെയർ റൂം, ഒന്നാം നില എന്നിവയുടെ നിർമ്മാണ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്.



എസ്റ്റിമേറ്റിലെ ഇനം1.018 ആയി ചെയ്തിട്ടുള്ളത് 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc) Trusses Etc…………………...66.600kg@168.82/ Kg ആണ്.
കരാറുകാരൻ ക്വോട്ട് ചെയ്തത് : 66.600kg@151.43/Kg ആണ്(17.39% Below).
ബിൽ പ്രകാരം നൽകിയിട്ടുള്ളത് : 83.250kg@151.43=12606.55/-രൂപ +
അധിക അളവ് ചെയ്തത് 22.396kg @151.43=3391.43/- രൂപ
ആകെ 15997.98/- രൂപ.

മേൽ പ്രവൃത്തിക്ക് ഇനം 10.1 Structural Steel Work In Single Section………………. @101.27/ Kg പ്രകാരമുള്ള നിരക്കിന് പകരം ബിൽറ്റ് അപ്പ് റ്റ്യൂബുലർ സെക്ഷന് ബാധകമായ നിരക്കാണ്

അനുവദിച്ചിരിക്കുന്നത്. എന്നാൽ 15.09.2025 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ സൈറ്റിൽ ചെയ്തിട്ടുള്ളത് സിഗിംൾ സെക്ഷനിംഗ് രീതിയിലുള്ള സ്റ്റീൽ വർക്കാണെന്ന് ബോധ്യപ്പെട്ടു. ഈ അപാകതയ്ക്ക് വിശദീകരണം നൽകാൻ 16.09.2025-ൽ നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 10.1 എന്ന ഇനം Steel Work For Purlin/Single Section എന്നതിന് മാത്രമാണ് ഉപയോഗിക്കാൻ പറ്റുന്നത് എന്നും ഈ ഐറ്റത്തിൽ വെൽഡിംഗ് ചാർജസ് ഉൾപ്പെടുന്നില്ലായെന്നും മറുപടി ലഭ്യമാക്കി. സ്ട്രക്ച്ചറൽ മെംബേഴ്സിനെ വെൽഡ് ചെയ്ത് ഷീറ്റിന് സപ്പോർട്ട് നൽകണമെങ്കിൽ 10.16.1 എന്ന ഐറ്റം ഉപയോഗിക്കേണ്ടത് ആവശ്യമാണെന്നും എല്ലാ Structural Members നെയും ഒരുമിപ്പിച്ചുകൊണ്ട് ഒരു ബിൽറ്റ് അപ്പ് സെക്ഷനായി സൈറ്റിൽ നിർമ്മാണം നടത്തിയിട്ടുണ്ട് എന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്.
പ്രവൃത്തി നടത്തിയിട്ടുള്ളത് സിംഗിൾ സെക്ഷനിംഗ് രീതിയിലാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല.

പ്രവൃത്തിക്ക് ഇനം 10.1 പ്രകാരം നൽകാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
83.250 Kg + 22.396 Kg = 105.646 Kg @ 83.66 (ടെൻഡർ ബിൽ കുറവ് ചെയ്തത്) = 8838.00
നൽകിയത് 15997.98

അധികം നൽകിയത് : 15997.98– 8838 = 7160.00 രൂപ

ആയതിനാൽ സിംഗിൾ സെക്ഷനിംഗ് പ്രവൃത്തിക്ക് ബാധകമായ നിരക്കിൽ തുക അനുവദിക്കേണ്ടതും അധികം അനുവദിച്ച തുക 7160.00 രൂപ, ജി.എസ്.ടി ഉൾപ്പെടെ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതുമാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ ).

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 26 | ₹154000 | ₹154000 | 0 | |

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ).

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 28.03.2025 | 2000 (04/25 To 07/25) | 2000 | - | 7/24 മുതൽ അടക്കുവാനുണ്ടായിരുന്ന 16000.00 രൂപയുടെ കുടിശ്ശിക അടവാക്കിയിട്ടില്ല. 31.7.25 –ൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോയി |

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. | | |

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് (നം) | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വേങ്ങൂർ ഗ്രാമപഞ്ചായത്ത് | 630000.00 | പി.എം.എ.വൈ.ജി ഭവന നിർമ്മാണം ജനറൽ (214/25) | 630000 | 0 |
| ,, | 45000.00 | (എസ് സി പി) (216/25) | 45000 | 0 |
| ,, | 190000.00 | 217/25 ടി എസ് പി | 190000 | 0 |
| മുടക്കുഴ ഗ്രാമപഞ്ചായത്ത് | 600000.00 | 214/25, ജനറൽ | 600000 | 0 |
| ,, | 450000.00 | 216/25 | 450000 | 0 |
| കുവപ്പടി ഗ്രാമപഞ്ചായത്ത് | 560000.00 | 214/25, ജനറൽ | 560000 | 0 |
| ,, | 135000.00 | 216/25 | | |
| ജില്ലാ പഞ്ചായത്ത് | 50000.00 | പി.എം.എ.വൈ.ജി ഭവന നിർമ്മാണം (ടി എസ് പി) (118/25) | 50000 | 0 |
| ,, | 1000000.00 *** | വേങ്ങൂർ പഞ്ചായത്ത് വാർഡ് 7, അംഗൻവാടി, എളംബകപ്പിള്ളി കനാൽ പാലം ലിങ്ക് റോഡിന് സമീപം കുടിവെള്ള പദ്ധതി | 1000000 | |
| ജില്ലാ പഞ്ചായത്ത് | 756000.00 | പി.എം.എ.വൈ.ജി ഭവന നിർമ്മാണം (എസ് സി പി) (216/25) | 756000 | 0 |

* വാർഷിക ധനകാര്യ പത്രികയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ₹11,10,010.00 വരവുണ്ടെങ്കിലും ₹1000000.00 യുടെ വിശദാംശങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിത്.

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 170/25 ൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 109/ 09.09.24 | 197459/- | 197459/- | ഇല്ല |
| അഭയാരണ്യം വന വികസന ഏജൻസി | 3 കുവപ്പടി ഗ്രാമ പഞ്ചായത്തിൽ കോടനാട് ഡിവിഷനിൽ വന്യമൃഗങ്ങളിൽനിന്ന് ജന സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സോളാർ ഫെൻസിംഗ് | 106/, 9.9.24, പദ്ധതി ജനറൽ, 272801/- 110/11.09.24, എസ് സി പി, 1000000 | 1272801/ | 1257059 | 15742 രൂപ ROp ആയി 3604-00-11-99-00-00-00-Nv ഹെഡിലേക്ക് തിരിച്ചടച്ചു |

തൻവർഷം അക്കൗണ്ട്സിൽ നിക്ഷേപ പ്രവൃത്തി ഹെഡിൽ ഈ തുകകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-7 സ്ഥിരനിക്ഷേപം

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക (₹) | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(A) പേജ് 41 | 1,47,000 | കല്ലിൽ ഗവ. എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണം – വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക നല്കി | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(B) പേജ് 41 | 29,000 | കൂവപ്പടി മേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി – പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(C) പേജ് 41 | 50,000 | ഇരിങ്ങോൾ – ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |
| 2007-08 | 2007-08 | | | അങ്കണവാടിക്ക് ഉപകരണങ്ങൾ | തീർപ്പാക്കിയിട്ടില്ല |
| 2008-09 | 2008-09 | | | വനിതാ കർഷക സംഘങ്ങൾക്ക് കൊയ്ത്തുമെതി യന്ത്രം | തീർപ്പാക്കിയിട്ടില്ല |

## 4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | ₹93123952.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹90300183.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹16510.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹5495956.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലെയും (സി)യിലെയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9350.00 | ശ്രീമതി അന്ന ബേബി, അസി. എഞ്ചിനീയർ |
| 3-2 | 7160.00 | ശ്രീമതി അന്ന ബേബി, അസി. എഞ്ചിനീയർ |

| | | |
|---|---|---|
| ആകെ | 16510.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,42,044/- | ഡോ. വിവേക് ജെസ്സ്, മെഡിക്കൽ ഓഫീസർ |
| 1-13 | 9,64,112/- | |
| 1-19 | 20,50,000 | ശ്രീ സജി പീറ്റർ, , ജോയിന്റ് ബി ഡി ഒ, സെക്രട്ടറി ഇൻ ചാർജ് |
| 1-19 | 23,39,800 | ശ്രീമതി രതി എം ജി, സെക്രട്ടറി |
| ആകെ | 5495956/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അന്ന ബേബി, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | ചിരപ്പുറത്ത് ഹൗസ്, വളയൻചിറങ്ങര- 683556 |
| ശ്രീമതി രതി എം ജി സെക്രട്ടറി | സെക്രട്ടറി, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | കാക്കുഴിൽ വീട്, വാരപ്പെട്ടി പി ഒ, ഇലഞ്ഞവം, കോതമംഗലം |
| ശ്രീ സജി പീറ്റർ, ജോയിന്റ് ബിഡിഒ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | ജോയിന്റ് ബിഡിഒ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | പുതുമന വീട്, കീരമ്പാറ പി. ഒ, കോതമംഗലം |
| ഡോ. വിവേക് ജെസ്സ് , മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 33/141c, അയ്യൂറി റോഡി, പട്ടാൽ, പെരുമ്പാവൂർ, 683545 |

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1).2137/2011/21.11.2011 |
| 1998-99 | |
| 1999- 2000 | |
| 2000-01 | |
| 2000-01 | |

| | |
|---|---|
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം. (ബി.പി.) 1439/2019/ 05.08.2019 |
| 2008-09 | |
| 2013-14 & 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.) 682/2022/ 02.06.2022 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.) 115/2022/ 02.06.2022 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)939/2020 / 03.01.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)958/2022 / 07.07.2022 |
| 2022-23 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)296/2023 / 11.04.2023 |
| 2022-23 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)1007/2023 / 26.08.2023 |
| 2023-24 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)920/2024 / 11.09.2024 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4/1 dated 21-07-2025 and submitted on 23-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Koovappady Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Koovappady Block Panchayat as on 31-03-2025

Date: 16/10/2025

Joint Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Koovappady Block Panchayat for the Year 2024-2025 .**

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. Non inclusion of *Notes to Accounts* in Financial statements and non disclosure of material facts.

**2.Other Observations**

1. Basic ratios not included in the accounts.
2. Discrepancy in cash flow statement.
3. The amount of finance commission award in sulekha statement differ from the accounts kept in the institution.
4. Deposit work not booked in the concerned head of acount.
5. Joint venture projects - details are not available.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്